DESPATCHED On. 8/3/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1871(5)/2018/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 8738/SIC-G7/2018**

**സന്നിഹിത**

**ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി :. 30.12.2022**

ശ്രീ. വിജിൽ രാജ് വി.,
കൊട്ടാരത്തിൽ, പേരിശ്ശേരി പി.ഒ,
ചെങ്ങന്നൂർ. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ചെങ്ങന്നൂർ നഗരസഭ കാര്യാലയം,
പി.ബി. നമ്പർ – 8, ആലപ്പുഴ – 689 121.

2. അപ്പീൽ അധികാരി,
ചെങ്ങന്നൂർ നഗരസഭ കാര്യാലയം,
പി.ബി. നമ്പർ – 8, ആലപ്പുഴ – 689 121.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 10.01.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 07.02.2018 |
| ഒന്നാം അപ്പീൽ | 06.03.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | Nil |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 08.08.2018 |
| ഹിയറിംഗ് തീയതി, | 19.10.2022 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ 10.01.2018 ൽ ഡണാംപ്പടിക്കൽ കെട്ടിടത്തിന്റെ കാലപ്പഴക്കവുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ടപ്പോൾ ടി കെട്ടിടത്തിന്റെ കാലപ്പഴക്കം നഗരസഭ രേഖകളിൽ ലഭ്യമല്ലെന്ന മറുപടിയാണ് നൽകിയതെന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്.

2. പ്രസ്തുത അപ്പീലിൽ തീർപ്പ് കൽപ്പിക്കുന്നതിനായി 19.10.2022 ന് കമ്മീഷൻ മുമ്പാകെ നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നില്ല. അപ്പീൽ ഹർജിക്കാരൻ ഹാജരായിരുന്നു.

വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് തീർപ്പ് കൽപ്പിക്കുന്നതിനായി കമ്മീഷൻ മുമ്പാകെ ഹിയറിംഗിന് ഹാജരാകാതിരുന്നത് എസ്.പി.ഐ.ഒ. യുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഹിയറിംഗിന് ഹാജരാകാതിരുന്നതിന് എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

3. ഹർജിക്കാരൻ 10.01..2018 തീയതിയായി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ കെട്ടിടനമ്പർ സൂചിപ്പിച്ചിട്ടില്ലെന്നും ഡടാം പടിക്കൽ ബിൽഡിംഗ് എന്ന് മാത്രമേ മനസ്സിലാക്കാൻ സാധിക്കുന്നുള്ളൂവെന്നും കെട്ടിട നമ്പർ വ്യക്തമായി ലഭിച്ചാൽ മാത്രമേ കാലപ്പഴക്കം എത്രയാണെന്ന് മറുപടി നൽകുവാൻ സാധിക്കുകയുള്ളൂയെന്നും എസ്.പി.ഐ.ഒ. അറിയിച്ചതിനാൽ പ്രസ്തുത കെട്ടിട നമ്പർ ഹർജിക്കാരൻ നഗരസഭയിൽ ഹാജരാക്കേണ്ടതാണ്. ഇപ്രകാരം കെട്ടിട നമ്പർ ഹർജിക്കാരൻ ഹാജരാക്കുന്നപക്ഷം ടിയാൻ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ 10 ദിവസത്തിനകം സൗജന്യമായി ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം 2022 ഡിസംബർ മാസം 30-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

Jn